
ഓം നമഃ സ്കന്ദായ പരമാത്മനേ



ശ്രീനാരായണ സുദർശന സമാജം
ശ്രീഭദ്രാചല സുബ്രഹ്മണ്യ ക്ഷേത്രം



പി.ഒ. എടമുട്ടം, പിൻ-680 568 Reg No: 517/2002

ഫോൺ: 0480 2836604, 8943836604, 8089793369

email: snssamajamedm@gmail.com

website: www.subrahmanyatempleedm.com

സ്കന്ദഷഷ്ഠി മഹോത്സവം2026

2026 നവംബർ 15 (1202 തുലാം 29) ഞായറാഴ്ച്ച

ഭക്തജനങ്ങളേ

എടമുട്ടം ശ്രീ ഭദ്രാചല സുബ്രഹ്മണ്യ ക്ഷേത്രത്തിലെ സ്കന്ദഷഷ്ഠി മഹോത്സവം **2026 നവംബർ 15 (1202 തുലാം 29) ഞായറാഴ്ച്ച** ആഘോഷിക്കുകയാണ്. വ്രതശുദ്ധിയുടെയുംസമർപ്പണത്തിന്റെയും പുണ്യ സംഗമമായ സ്കന്ദഷഷ്ഠിദിനം സമാഗതമായിരിക്കുന്ന വിവരം എല്ലാഭക്തജനങ്ങളേയും അറിയിക്കുന്നു. ദേവസേനാപതിയും താരകാസുര നിഗ്രഹമൂർത്തിയും സർവ്വാഭിഷ്ടപ്രദായകനുമായ സുബ്രഹ്മണ്യസ്വാമിയുടെ ദിവ്യചൈതന്യം സവിശേഷമായി ആരാധിക്കുന്ന സ്കന്ദഷഷ്ഠി പുണ്യദിനത്തിൽ അജ്ഞാനമാകുന്ന അന്ധകാരത്തെ ജ്ഞാനവേലാൽ ഭേദിച്ച് ഭക്തഹൃദയങ്ങളിൽ ധൈര്യവും ധർമ്മബോധവും ആത്മവിശ്വാസവും നിറക്കുന്ന ഷൺമുഖദേവന്റെ അനുഗ്രഹത്തിനായി ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ നാരായണൻകുട്ടി തന്ത്രികളുടെയും മേൽ ശാന്തി എൻ. എസ് പ്രജിഷ് ശാന്തിയുടെയും മുഖ്യ കാർമ്മികത്വത്തിൽ ഭഗവാന് വിശേഷാൽ പൂജകളും പുണ്യാഭിഷേകങ്ങളും അർച്ചനാദികളും ഭക്തിപൂർവ്വം നടത്തപ്പെടുന്നു.

സന്താന സൗഭാഗ്യം, വിദ്യാവിജയം, കുടുംബക്ഷേമം, ആയുരാരോഗ്യം, ഐശ്വര്യം എന്നിവയ്ക്കായി ഭഗവാന്റെ തിരുനാമത്തിൽ പ്രാർത്ഥിച്ചും വഴിപാടുകൾ സമർപ്പിച്ചും ഈ പുണ്യദിനത്തെ ധന്യമാക്കുവാൻ ഏവരെയും കുടുംബസമേതം ക്ഷേത്രസന്നിധിയിലേക്ക് ഭക്ത്യാദരപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്
ക്ഷേത്രകമ്മറ്റിക്കുവേണ്ടി സെക്രട്ടറി

രാവിലെ 5.30 ന്	ഗണപതിഹവനം
6.30 ന്	ഉഷപൂജ തുടർന്ന് അഭിഷേകങ്ങൾ ആരംഭിക്കുന്നതാണ്
8.30 ന്	പന്തീരടി പൂജ
10.00 ന്	പാൽക്കുടം എഴുന്നള്ളിപ്പ് സ്വീകരണം
10.30 ന്	പഞ്ചഗവ്യ, നവക കലശാഭിഷേകം, ഷോഡശ്ശാഭിഷേകം, കാവടി അഭിഷേകം മറ്റു അഭിഷേകങ്ങൾ, ശ്രീഭൂതബലി, അന്നദാനം
വൈകിട്ട് 6.30 ന്	ദീപാരാധന, ചുറ്റുവിളക്ക്, നിറമാല
7.00 ന്	അത്താഴ പൂജ

തണ്ണീർകോട്ടത്ത് കാരയിൽ ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം എടമുട്ടം, ശൂരനെല്ലൂർ കടലായി ശിവക്ഷേത്രം എന്നീ ക്ഷേത്രങ്ങളിൽ നിന്ന് സ്വാമിക്ക് പാൽക്കുടം എഴുന്നള്ളിപ്പ് ഉണ്ടായിരിക്കുന്നതാണ്.

ശ്രീശങ്കരപുത്ര കാവടിചിന്ത് അവതരിപ്പിക്കുന്ന ചിന്ത്പാട്ട്, ശ്രീഭദ്ര അയിനിച്ചുവട് അവതരിപ്പിക്കുന്ന വീരനാട്യം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

NB :ഷോഡശ്ശാഭിഷേകം, പഞ്ചാമൃതാഭിഷേകം, രുദ്രാഭിഷേകം, പാൽപ്പായസം എന്നിവ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

ക്ഷേത്രത്തിൽ എല്ലാ ദിവസവും രാവിലെ 7.00 മണിക്ക് ശ്രാദ്ധബലി നടത്താനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

Anugraha-17, 9846570792